## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 480 11.06.2013-ൽ മറുപടിക്ക്

### സഹകരണ മെഡിക്കൽ കോളേജുകൾ ഏറ്റെടുക്കാൻ നടപടി

| ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | മറുപടി<br>ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി) |
|---|---|
| (എ) പരിയാരം, കൊച്ചി സഹകരണ മെഡിക്കൽ കോളേജുകൾ ഈ സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉദ്ദേശിക്കുന്നു. |
| (ബി) എങ്കിൽ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ സഹകരണ വകുപ്പ് തല ആഡിറ്റ് 30.06.2013 നകം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (സി) പരിയാരം, കൊച്ചി സഹകരണ മെഡിക്കൽ കോളേജുകൾ സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തുന്നതിന് കണ്ണൂർ, എറണാകുളം കളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) സഹകരണ മെഡിക്കൽ കോളേജുകൾ സർക്കാർ ഏറ്റെടുക്കുന്നതിനെതിരെ ആരുടെയെങ്കിലും പരാതി ലഭ്യമായിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ? | (ഡി) പരാതികളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കൊച്ചിൻ, പരിയാരം (കണ്ണൂർ) എന്നീ സ്ഥലങ്ങളിലെ സഹകരണ മെഡിക്കൽ കോളേജുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്

സ.ഉ.(കൈ)നം.126/2013/ആ,കു.വ. തീയതി, തിരുവനന്തപുരം, 05.04.2013

---

ഉ ത്ത ര വ്

കൊച്ചിൻ, പരിയാരം (കണ്ണൂർ) എന്നീ സ്ഥലങ്ങളിലെ സഹകരണ മെഡിക്കൽ കോളേജുകൾ സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് ആസ്തികളും ബാദ്ധ്യതകളും മറ്റും വിലയിരുത്തി മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ജില്ലാ കളക്ടർമാർ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
രാജീവ് സദാനന്ദൻ
പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർ, എറണാകുളം
ജില്ലാ കളക്ടർ, കണ്ണൂർ
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.3321 തീയതി 03.04.2013)
സഹകരണ വകുപ്പ്
ധനകാര്യ വകുപ്പ്
പ്രിൻസിപ്പാൾ, പരിയാരം മെഡിക്കൽ കോളേജ്
ഡയറക്ടർ, കൊച്ചിൻ മെഡിക്കൽ കോളേജ്
കരുതൽശേഖരം/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ